കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്
2018 സെപ്തംബർ 27 വ്യാഴം

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

---

## ലക്ഷങ്ങൾ ഇളവുകൾ നൽകി റവന്യൂ റിക്കവറി ബാങ്ക് ലോൺ അദാലത്ത്

നിർമ്മാണ ജോലിക്കും മറ്റും പോയി ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്നതിനിടെയാണ് രവിക്ക് പിതാവ് ലതിൻ മുന്തേറ വർഷങ്ങൾക്ക് മുമ്പ് എടുത്ത ബാങ്ക് ലോൺ തീരാദുരിതമായത്. വായ്പ തിരിച്ചടക്കാൻ കഴിയാതെ നട്ടംതിരിഞ്ഞ രവിക്ക് ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ റവന്യൂ റിക്കവറി ബാങ്ക് ലോൺ അദാലത്ത് പറഞ്ഞറിയിക്കാനാകാത്ത ആശ്വാസമാണ് നൽകിയിരിക്കുന്നത്.

സിൻഡിക്കേറ്റ് ബാങ്കിന്റെ പൈവളിഗെ ശാഖയിൽ 70കാരനായ ലതിൻ മുന്തേറ തിരിച്ചടക്കാനുണ്ടായത് 1,26,782 രൂപയായിരുന്നു. അദാലത്തിൽ പങ്കെടുത്തതിലൂടെ വെറും 25,000 രൂപ മാത്രം ഇനി തിരിച്ചടച്ചാൽ മതിയാകും.കഴിഞ്ഞ ദിവസമാണ് അദാലത്തിനെക്കുറിച്ച് അറിയിപ്പ് ലഭിക്കുന്നത്. വിവിധ അസുഖങ്ങളാൽ യാത്ര ചെയ്യാൻ കഴിയാതിരുന്നതിനാൽ ലതിന് പകരം മകൻ രവിയാണ് കളക്ടറേറ്റിലെത്തിയത്. രവിയിൽ നിന്നു ജില്ലാ കളക്ടർ തന്നെ നേരിട്ട് അപേക്ഷ സ്വീകരിച്ചു. കാര്യങ്ങൾ വിശദമായ കേട്ടശേഷം ഒറ്റത്തവണയായി 25,000 രൂപ അടച്ചാൽ മയിയെന്നു ബാങ്ക് അധികൃതർ തീരുമാനിക്കുകയായിരുന്നു.

വിദ്യാനഗറിൽ നിന്നുള്ള അജിത്കുമാറിന് കാനറ ബാങ്കിൽ കുടിശിഖ ഉൾപ്പെടെ തിരിച്ചടക്കാനുണ്ടായത് 11.16 ലക്ഷം രൂപയായിരുന്നു. എന്നാൽ അദാലത്തിലൂടെ 5.3 ല

ക്ഷം രൂപ മാത്രം തിരിച്ചടച്ചാൽ മതിയാകും. മൂന്നു മാസത്തെ സാവകാശവും നൽകിയിട്ടുണ്ട്. ഇരിക്കൂറിൽ നിന്ന് കൃഷ്ണകുമാറിന് 8.6 ലക്ഷത്തിന് പകരം 3.5 ലക്ഷം രൂപ തിരിച്ചടച്ചാൽ മതിയാകും. ഇതുപോലെ നൂറുകണക്കിനു കുടുംബങ്ങൾക്ക് ഒൻപത് ബാങ്കുകൾ നടത്തിയ അദാലത്തിൽ ആശ്വാസമായത്. ഇനിയും ഇതുപോലുള്ള അദാലത്തുകൾ സംഘടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ബാങ്ക് അദാലത്ത്: ജില്ലാ ഭരണകൂടത്തിന്റെയും വിവിധ ബാങ്കുകളുടെയും ആഭിമുഖ്യത്തിൽ കളക്ടറേറ്റിൽ നടത്തിയ അദാലത്തിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു പൈവളിഗെയിൽ നിന്നുളള രവിയിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു.

## റവന്യൂ റിക്കവറി ബാങ്ക് ലോൺ അദാലത്ത്;

## 601 അപേക്ഷകൾ പരിഗണിച്ചു

ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ ബാങ്കുകളിൽ നിന്നു വായ്പയായി എടുത്ത തുകകൾ തിരിച്ചടക്കുവാനാകാതെ റവന്യൂ റിക്കവറി നേരിടുന്നവർക്കായി കളക്ടറേറ്റിൽ നടത്തിയ റവന്യൂ റിക്കവറി ബാങ്ക് ലോൺ അദാലത്ത് നൂറുകണക്കിനു കുടുംബങ്ങൾക്ക് ആശ്വാസമായി. കാസർകോട് ജില്ലാ ഭരണകൂടത്തിന്റെയും ജില്ലയിലെ വിവിധ ബാങ്കുകളുടെയും ആഭിമുഖ്യത്തിൽ നടത്തിയ അദാലത്തിൽ പലർക്കും വൻ ഇളവുകൾ ലഭിച്ചു. വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളിയില്ലെങ്കിലും അദാലത്തിലൂടെ ലഭിച്ച ഇളവുകൾ പലർക്കും മുന്നോട്ടുള്ള ജീവിതം എളുപ്പമാക്കും.

സിൻഡിക്കേറ്റ്, എസ്ബിഐ, കാനറ, യൂക്കോ, ഫെഡറൽ, പഞ്ചാബ് നാഷണൽ ബാങ്ക്, യൂണിയൻ ബാങ്ക് തുടങ്ങിയ ബാങ്കുകളിൽ നിന്നു ബാങ്ക് വായ്പ എടുത്ത് റവന്യൂ റിക്കവറി നടപടികൾ നേരിടുന്നവർക്കു വേണ്ടിയാണു കളക്ടറേറ്റിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബാങ്ക് ലോൺ അദാലത്ത് നടത്തിയത്.

പരിഗണിച്ചവയിൽ ഭൂരിഭാഗം അപേക്ഷകളിലും പരമാവധി ഇളവുകൾ അനുവദിച്ചു. വായ്പകളുടെ കാലാവധി, തിരിച്ചടവ്, വിവിധ കാറ്റഗറികൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇളവുകൾ അനുവദിച്ചത്. ജില്ലാകളക്ടർ ഡോ.ഡി.സജിത്ത് ബാബു, ഡെപ്യൂട്ടി കളക്ടർ(ആർആർ) എ.ഉണ്ണിക്കൃഷ്ണൻ, സിൻഡിക്കേറ്റ് ബാങ്ക് റീജിനൽ മാനേജർ എൻ.സുദർശനൻ, ലീഡ് ബാങ്ക് മാനേജർ സി.എസ് രമണൻ, വിവിധ ബാങ്കുകളുടെ റീജണൽ മാനേജർമാർ, ബാങ്ക്, റവന്യൂ ഉദ്യോഗസ്ഥർ തുടങ്ങിയവർ അദാലത്തിന് നേതൃത്വം നൽകി.

ബാങ്ക് അദാലത്ത് 1 :- ജില്ലാ ഭരണകൂടത്തിന്റെയും വിവിധ ബാങ്കുകളുടെയും ആഭിമുഖ്യത്തിൽ കളക്ടറേറ്റിൽ നടത്തിയ അദാലത്തിൽ ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു ആദ്യ അപേക്ഷ സ്വീകരിക്കുന്നു.

## ജില്ലാ വികസന സമിതി നാളെ; ജില്ലാതല ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കണം: ജില്ലാ കളക്ടർ

ജില്ലാ വികസന സമിതി നാളെ(29) കളക്ടറേറ്റിൽ രാവിലെ 11ന് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ബാബുവിന്റെ അധ്യക്ഷതയിൽ നടക്കും. ജില്ലാതല ഉദ്യോഗസ്ഥർ നിർബന്ധമായും യോഗത്തിൽ പങ്കെടുക്കണം. അനിവാര്യമായ സാഹചര്യത്തിൽ പങ്കെടുക്കാൻ കഴിയാത്ത ഉദ്യോഗസ്ഥർ പകരം പ്രതിനിധിയെ അയക്കുമ്പോൾ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങണം. ജനപ്രതിനിധികളുടെ സംശയങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ ഉദ്യോഗസ്ഥർക്ക് സാധിക്കണം. നിയമ സാങ്കേതിക തടസങ്ങൾ കാരണം ഏതെങ്കിലും പദ്ധതികൾ പ്രായോഗികമല്ലെങ്കിൽ ഇതു സംബന്ധിച്ച് വിവരങ്ങളും പരിഹാര മാർഗങ്ങളും യോഗത്തിൽ അറിയിക്കണം.

## ഹരിത സ്പർശത്തിന് ഞാനും എന്റെ വിദ്യാലയവും പദ്ധതിക്ക് കുണ്ടംകുഴിയിൽ തുടക്കമായി

പ്രളയ ദുരിത ബാധിത പ്രദേശങ്ങളിലെ പുനർനിർമാണത്തിനു സാമ്പത്തിക സമാഹാരണം നടത്തുക, ജില്ലയിലെ അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ പുന:ചംക്രമണം സാധ്യമാക്കുക, വിദ്യാർത്ഥികളിൽ മാലിന്യ പരിപാലനത്തെ സംബന്ധിച്ച അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ ജില്ലാ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടത്തുന്ന 'ഹരിത സ്പർശത്തിനു ഞാനും എന്റെ വിദ്യാലയവും' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കുണ്ടംകുഴി ഗവ.ഹയർ സെക്കന്ററി സ്കൂളിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് നിർവഹിച്ചു. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഡോ: ഗിരീഷ് ചോലയിൽ മുഖ്യാതിഥിയായി. ബേഡഡുക്ക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ:സി രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. സ്കൂൾ ഹെഡ് മാസ്റ്റർ ഇൻ ചാർജ് ഹാഷിം പി സ്വാഗതവും സ്കൂൾ ഇക്കോ ക്ലബ്ബ് കൺവീനർ പി.കെ.ജയരാജ് നന്ദിയും പറഞ്ഞു. ഹരിത കേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ എം പി സുബ്രമണ്യൻ പദ്ധതി വിശദീകരിച്ചു. ബേഡഡുക്ക ഗ്രാമ പഞ്ചായത്ത്

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എം. ധന്യ, സ്കൂൾ പ്രിൻസിപ്പാൾ കെ.രത്നാകരൻ, പി.ടി.എ പ്രസിഡന്റ് എം.രഘുനാഥൻ, എസ്.എം.സി.ചെയർമാൻ ടി.വരദരാജ്, സ്റ്റാഫ് സെക്രട്ടറി കെ.പുഷ്പരാജൻ എന്നിവർ സംസാരിച്ചു.

പ്രളയാനന്തര പുനർനിർമാണ പ്രവർത്തനങ്ങൾക്കായി സാമ്പത്തിക സമാഹരണം നടത്തുന്നതിന് ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളും കേന്ദ്രീകരിച്ച് വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ, വ്യാപാരികൾ, ക്ലബ്ബുകൾ, വായനാശാലകൾ, നാഷണൽ സർവീസ് സ്കീം, ജൂനിയർ റെഡ്ക്രോസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ കേഡറ്റ് കോപ്സ്, നെഹ്റു യുവകേന്ദ്ര, യുവജനക്ഷേമ ബോർഡ് തുടങ്ങി വിവിധ തലങ്ങളിലുള്ള വ്യക്തികളേയും സംഘടനകളേയും സ്ഥാപനങ്ങളേയും കൂട്ടിയിണക്കി പാഴ്വസ്തുക്കൾ ശേഖരിച്ച് അവ പാഴ് വസ്തുവ്യാപാരികൾക്ക് കൈമാറി അതിൽ നിന്നും ലഭിക്കുന്ന തുക ജില്ലാ കളക്ടർ മുഖാന്തരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുക എന്നതാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

പദ്ധതിയുടെ ഭാഗമായി പാഴ് വസ്തുവ്യാപാരികളുടെ യോഗം ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ ചേരുകയും പാഴ് വസ്തുക്കൾക്ക് പരമാവധി വില നിശ്ചയിക്കുകയും ചെയ്തു.വിവിധ പഞ്ചായത്തുകളിൽ വിദ്യാഭ്യാസ സമിതി യോഗങ്ങളും യൂത്ത് കോർഡിനേഷൻ കമ്മിറ്റികളും ചേർന്ന് പദ്ധതി വിജയിപ്പിക്കാൻ തീരുമാനമായി. ശേഖരിച്ച പാഴ് വസ്തുക്കൾ ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ദിനത്തിൽ പാഴ് വസ്തുവ്യാപാരികൾക്ക് കൈമാറുകയും അതിൽ നിന്നു ലഭിക്കുന്ന തുക ഹെഡ്മാസ്റ്റർ ജില്ലാകളക്ടർക്ക് കൈമാറുകയും ചെയ്യും. തുടർന്ന് ജില്ലയിലെ മറ്റു സ്കൂളുകളിലേക്ക് പദ്ധതി വ്യാപിപ്പിച്ച് രണ്ടു മാസം കൂടുമ്പോൾ ഈ പ്രവർത്തനം തുടരുകയും ചെയ്യും.

ഫോട്ടോ അടിക്കുറിപ്പ്: **ഹരിത:-**

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ 'ഹരിത സ്പർശത്തിനു ഞാനും എന്റെ വിദ്യാലയവും' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കുണ്ടംകുഴി ഗവ.ഹയർ സെക്കന്ററി സ്കൂളിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് നിർവഹിക്കുന്നു.

## ഐ.ടി.ഐ പ്രവേശനം

സീതാംഗോളി ഗവ. ഐ.ടി.ഐ യിൽ ഈ വർഷത്തെ എൻ.സി.വി.ടി, വെൽഡർ (ഗ്യാസ് & ഇലക്ട്രിക്) ട്രേഡിൽ ഉള്ള ഒഴിവിലേക്ക് പ്രവേശനത്തിന് അപേക്ഷിക്കാം. അപേക്ഷാഫോറത്തിന് ബാഡൂരിലുള്ള ഐ.ടി.ഐ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0499-8245099

## യോഗ മെഡിക്കൽ ഓഫീസർ നിയമനം

ഭാരതീയ ചികിത്സാ വകുപ്പ് മുഖേന വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ദിവസവേതന വ്യവസ്ഥയിൽ യോഗ മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം നടത്തും. യോഗ്യത-ബി.എൻ.വൈ.എസ് (യോഗ & നാറ്റ്റോപതി റജിസ്ട്രേഡ് ഇൻ റ്റി സി കൗൺസിൽ ഓഫ് ഐ.എം, റ്റി.വി.എം). നിർദ്ദിഷ്ട യാഗ്യതയുള്ളവർ കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിലെ പഴയ താലൂക്ക് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാസറകോട് ജില്ലാ മെഡിക്കൽ ഓഫീസിൽ (ഐ.എസ്.എം), ബയോഡാറ്റാ, പ്രായം, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## റസിഡന്റ് ട്യൂട്ടർ നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വെള്ളച്ചാൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നടപ്പ് അദ്ധ്യായന വർഷത്തിൽ മനേജർ കം റസിഡന്റ് ട്യൂട്ടർ എന്നീ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിന് ഹൈസ്ക്കൂൾ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചും. പ്രായം ഒക്ടോബർ ഒന്നിന് 39 വയസ്സ് കവിയാൻ പാടില്ല. നിശ്ചിത യോഗ്യതയുള്ളവർ ഒക്ടോബർ 8 ന് 5 മണിക്ക് മുൻപായി കാസറകോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.

## ജില്ലതല അക്ഷരോത്സവം ഒക്ടോബർ 7 ന്

കാസർകോട് ജില്ല ലൈബ്രെറി കൗൺസിലിന്റെ അക്ഷരോത്സവത്തിന്റെ ഓഫ് സ്റ്റേജ് മത്സരങ്ങൾ ഒക്ടോബർ 7 ന് രാവിലെ 10 ന് നീലേശ്വരം എൻ,കെ.ബി മെമ്മോറിയൽ സ്കുളിൽ നടക്കും. വിവിധ താലൂക്കുകളിലെ മത്സരാർത്ഥികൾ 9.30 ന് പേര് രജിസ്റ്റർ ചെയ്യണം. സ്റ്റേജ് ഇനങ്ങൾ ഒക്ടോബർ 14 ന് ഹൊസ്ദുർഗ് ഹയർ സെക്കറി സ്കൂളിലും നടക്കും.